## മിനി ജോബ് ഫെയർ

**കണ്ണൂർ:** കണ്ണൂർ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ കീഴിലുള്ള എംപ്ലോയബിലിറ്റി സെന്ററിന്റെ ആഭിമുഖ്യത്തിൽ ഇന്ന് രാവിലെ 10 മുതൽ ഉച്ചക്ക് ഒന്ന് വരെ അഭിമുഖം നടത്തുന്നു. സർവീസ് എഞ്ചിനീയർ, മാർക്കറ്റിംഗ് എക്സിക്യൂട്ടീവ്, മാനേജർ, മാനേജർ ട്രെയിനീ, ടീം ലീഡർ, പ്രൊമോട്ടർ, ടെലി-കോളർ, എച്ച് ആർ റിക്രൂട്ടർ, ഡിജിറ്റൽ മാർക്കറ്റിംഗ് ഒഴിവുകളിലേക്കാണ് അഭിമുഖം. പ്ലസ്ടു, ഡിഗ്രി, ഐടിഐ, ഡിപ്ലോമ, എംബിഎയുള്ള ഉദ്യോഗാർത്ഥികൾ തിരിച്ചറിയൽ കാർഡിന്റെ പകർപ്പും 250 രൂപയും, ഒരു പാസ്പോർട്ട് സൈസ് ഫോട്ടോയും സഹിതം എംപ്ലോയബിലിറ്റി സെന്ററിൽ പേര് രജിസ്റ്റർ ചെയ്ത് ഇന്റർവ്യൂവിനു പങ്കെടുക്കണം. നിലവിൽ രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികൾക്കും രജിസ്ട്രേഷൻ സ്ലിപ് കൊണ്ടുവന്ന് ഇന്റർവ്യൂവിൽ പങ്കെടുക്കാം. ഫോൺ 0497 2707610, 6282942066.

## അപേക്ഷ ക്ഷണിച്ചു

**കണ്ണൂർ:** എൽബിഎസ് സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജിയുടെ കണ്ണൂർ മേഖലാ കേന്ദ്രത്തിൽ ഡാറ്റ എൻട്രി ആൻഡ് ഓഫീസ് ഓട്ടോമേഷൻ കോഴ്സിൽ ഒഴിവുള്ള സീറ്റിലേക്ക് എസ്.എസ്.എൽ.സി യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് കണ്ണൂർ ഗവ. ടൗൺ ഹയർ സെക്കൻഡറി സ്കൂൾ ക്യാമ്പസിന് സമീപമുള്ള എൽബിഎസ് ഓഫീസിൽ നേരിട്ടോ, 04972702812 നമ്പറിലോ, www.lbscentre.kerala.gov.in വെബ്സൈറ്റിലോ ബന്ധപ്പെടാം.

# സഭായോഗം വാർഷികത്തിന് ധർമ്മജാഗരണസഭയോടെ സമാപനം

ശ്രീരാഘവപുരം സഭായോഗം വാർഷികസഭയുടെ സമാപനദിനമായ ഇന്നലെ നടന്ന ലക്ഷാർച്ചന

**ചെറുതാഴം:** അഞ്ച് ദിവസമായി ചെറുതാഴം കണ്ണിശ്ശേരി കാവിൽ നടക്കുന്ന ശ്രീരാഘവപുരം സഭായോഗത്തിന്റെ വേദഭജനത്തിനും വാർഷികസഭക്കും ധർമ്മജാഗരണസഭയോടെ സമാപനമായി. സംസ്കൃത സർവ്വകലാശാല പയ്യന്നൂർ കേന്ദ്രം ഡയരക്ടർ ഡോ. കൊമ്പങ്കുളം വിഷ്ണു സോമയാജിയുടെ അദ്ധ്യക്ഷതയിൽ നടന്ന ചടങ്ങിൽ ഡോ. കാരക്കാട് കേശവൻ നമ്പൂതിരി (വാഗ്ജാഗരണം), ഡോ. കേണൽ വാരണാസി വാമനൻ നമ്പൂതിരി (കർമ്മജാഗരണം), ടി.വി. മാധവൻ നമ്പൂതിരി (സംഘശക്തി), കെ.പി. മധുസൂദനൻ അയ്യർ (നിയമപരിരക്ഷ) എന്നീ വിഷയങ്ങളിൽ പ്രഭാഷണം നടത്തി.

യജുർവ്വേദസംഹിതാപഠനം പൂർത്തികരിച്ച കുട്ടികൾക്ക് 'സംഹിതാസ്വാദ്ധ്യായി' ബിരുദദാനം ആചാര്യൻ ബ്രഹ്മശ്രീ. ആമല്ലൂർ സംഗമേശൻ നമ്പൂതിരിയും തൈത്തിരീയ ശാഖാപഠനം പൂർത്തിയാക്കിയവർക്ക് 'വേദസ്വാദ്ധ്യായി' ബിരുദദാനം ആചാര്യൻ ശ്രോത്രിയരത്നം പന്തൽ വൈദികൻ ദാമോദരൻ നമ്പൂതിരിയും നിർവ്വഹിച്ചു.

സഭായോഗം നിർദ്ധനനാടോടികുടുംബത്തിന് നിർമ്മിച്ച് നൽകിയ 'സ്നേഹഭവനത്തിന്റെ' താക്കോൽ ദാനം വി.ജെ.പി. ശംഭു നമ്പൂതിരി നിർവ്വഹിച്ചു. ജഗദീഷ് ശ്രീധർ കല്ലായി, ചേറ്റൂർ വിനോദ് വിഷ്ണു നമ്പൂതിരി എന്നിവർ സംസാരിച്ചു. രാവിലെ വേദഭജന വേദിയിൽ 108 വൈദികബ്രാഹ്മണർ ലളിതാ സഹസ്രനാമവും വിഷ്ണുസഹസ്രനാമവും ലക്ഷാർച്ചന നടത്തി. 17 വേദജ്ഞർ ഋഗ്വേദം, യജുർവ്വേദം, സാമവേദം ഇവ ചൊല്ലി സമർപ്പിച്ചു. തന്ത്രി കണ്ണിശ്ശേരി ശങ്കരൻ നമ്പൂതിരി കലശാഭിഷേകം ചെയ്തു. സഭായോഗത്തിന്റെ പുതിയ അദ്ധ്യക്ഷനായി കാരഭട്ടതിരി ശ്രീകാന്ത് ഭട്ടതിരിയെ തെരഞ്ഞെടുത്തു.

# കാറും കെഎസ്ആർടിസി ബസ്സും കൂട്ടിയിട്ടിച്ച് സഹോദരങ്ങൾക്ക് ദാരുണാന്ത്യം

ഐങ്ങോത്ത് ദേശീയ പാതയിലുണ്ടായ വാഹനാപകടം

**കാഞ്ഞങ്ങാട്:** ഐങ്ങോത്ത് ദേശീയ പാതയിലുണ്ടായ വാഹനാപകടത്തിൽ സഹോദരങ്ങൾക്ക് ദാരുണാന്ത്യം. ഐങ്ങോത്ത് നക്ഷത്ര ഓഡിറ്റോറിയത്തിന് സമീപത്ത് ഇന്നലെ ഉച്ചക്ക് 12 മണിയോടെയാണ് കാറും കെഎസ്ആർടിസി ബസ്സും കൂട്ടിയിച്ചത്.

ജപ്പാനിൽ ജോലി ചെയ്യുന്ന നീലേശ്വരം കണിച്ചിറയിലെ കല്ലായി കുടുംബംഗം ലത്തിഫിന്റെ കുടുംബം സഞ്ചരിച്ച കാറും കണ്ണൂരിൽ നിന്നും കാസർകോട്ടേക്ക് പോയിരുന്ന കെഎസ്ആർടിസി ബസ്സുമാണ് അപകടത്തിൽപ്പെട്ടത്. അപകടത്തിൽ ലത്തീഫിന്റെ മക്കളായ ലഹക്ക് സൈനബ (12), സൈനുൽ റുമാൻ (6) എന്നിവരാണ് മരിച്ചത്. ഗുരുതരമായി പരിക്കേറ്റ ലത്തിഫിന്റെ ഭാര്യ സുഹറബി (40), മക്കളായ ഫായിസ് അബൂബക്കർ (20), ഷെറിൻ (19), മിസബ് (3) എന്നിവരെ കണ്ണൂരിലെ മിംസ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

ബസ് യാത്രക്കാരായ സൂര്യ, അനിൽ, ഹരിദാസ് എന്നിവർക്കും പരിക്കേറ്റിരുന്നു. സുഹറബിയുടെ സ്വന്തം വീടായ മേൽപ്പറമ്പിൽ നിന്ന് നീലേശ്വരം മന്നം പുറത്തുള്ള വിവാഹ ചടങ്ങിൽ സംബന്ധിക്കാൻ വരുന്നതിനിടെയാണ് അപകടമുണ്ടായത്. കാഞ്ഞങ്ങാട് അഗ്നിരക്ഷാ നിലയത്തിലെ അസിസ്റ്റന്റ് സ്റ്റേഷൻ ഓഫിസർ കെ. സതിഷ്, ഫയർ ആന്റ് റെസ്ക്യൂ ഓഫീസർമാരായ കെ.എം. ഷിജു. ജി.എ. ഷിബിൻ ടി.വി സുധീഷ് കുമാർ ഡ്രൈവർ സി. പ്രത്യു രാജ്, ഹോം ഗാർഡ് ഐ. രാഘവൻ എന്നിവർ ചേർന്ന് ഹൈഡ്രോളിക്ക് കട്ടർ ഉപയോഗിച്ച് വാഹനം വെട്ടി പൊളിച്ചാണ് ഡ്രൈവറായിരുന്ന ഫായിസ് അബൂബക്കറിനെ പുറത്തെടുത്തത്. ലഹക്ക് സൈനബ രാജാസ് ഹൈസ്ക്കൂൾ ഏഴാം ക്ലാസ് വിദ്യാർഥിനിയായിരുന്നു.നീലേശ്വരം ജി.എൽ.പി സ്കൂൾ നലാം ക്ലാസ് വിദ്യാർത്ഥിയാണ് സൈനുൽ റുമാൻ.



മരണപ്പെട്ട ലഹക്ക് സൈനബ, സൈനുൽ റുമാൻ

കാസർകോഡ് ജില്ലയിലെ കുംബ്ലെ ശ്രീ ഭാരതീ വിദ്യാപീഠത്തിൽ നടന്ന രാഷ്ട്ര സേവികാ സമിതി കണ്ണൂർ വിഭാഗ് പ്രാരംഭിക് ശിക്ഷണ ശിബിരം സമാപന സഭയിൽ സേവികാ സമിതി കേരള പ്രാന്ത ബൗദ്ധിക് പ്രമുഖ സരിത ദിനേശ് മുഖ്യ പ്രഭാഷണം നടത്തുന്നു. ഇന്ദു മധുസൂദനൻ അധ്യക്ഷത വഹിച്ചു

# പന്നി ഫാമിൽനിന്നും മലിനജലം; വീട്ടുകിണർ മലിനമായി

**ഇരിട്ടി:** സമീപത്തെ പന്നി ഫാമിൽ നിന്നും ഒഴുകിയെത്തുന്ന മലിനജലം മൂലം വീട്ടുകിണർ മലിനമായതായി വീട്ടുകാർ. പായം പഞ്ചായത്തിലെ അളപ്രയിലുള്ള സുശീൽ ബാബുവിന്റെ വീട്ടിലെ കിണറാണ് മലിനമായത്. മലിനജലം കിണറിൽ ഒഴുകിയെത്തുന്നതിനാൽ ദുർഗന്ധംമൂലം വെള്ളമുപയോഗിക്കാൻ കഴിയാതായതോടെ മൂന്നുമാസമായി വീട്ടുകാർ ദൂരെയുള്ള മറ്റു കിണറുകളെയാണ് ആശ്രയിക്കുന്നത്.

പഞ്ചായത്തിലും ആരോഗ്യവകുപ്പ് അധികൃതർക്കും പരാതിയൊക്കെ നൽകിയെങ്കിലും യാതൊരു നടപടിയും ഉണ്ടായിട്ടില്ല. ബന്ധപ്പെട്ടവർ ഇടപെട്ട് പ്രശ്നം പരിഹരിച്ചില്ലെങ്കിൽ കണ്ണൂർ കലക്ടറേറ്റിനു മുന്നിൽ ഷെഡ്ഡ് കെട്ടി താമസിക്കുവാൻ ഒരുങ്ങുകയാണ് വീട്ടുകാർ.

പന്നിഫാമിലെ മലിനജലം ഒഴുകിവന്ന് വീട്ടുകിണറിലെ ജലം മലിനമായ നിലയിൽ

## പന്നി ഫാമിലേക്ക് ജനകീയ മാർച്ചുമായി കർമ്മ സമിതി

ജനവാസ മേഖലയിൽ പ്രവർത്തിക്കുന്ന പന്നിഫാം അടച്ചുപൂട്ടുക, ജനങ്ങളുടെ ശുദ്ധവായുവും കുടിവെള്ളവും മലിനമാക്കി പ്രവർത്തിക്കുന്ന പന്നിഫാമിന്റെ പ്രവർത്തനം അവസാനിപ്പിക്കുക, ഉദ്യോഗസ്ഥരുടെ അനാസ്ഥ അവസാനിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ഇന്നലെ ജനകീയ കർമ്മസമിതിയുടെ നേതൃത്വത്തിൽ പായം പഞ്ചായത്തിലെ അളപ്രയിൽ പ്രവർത്തിക്കുന്ന പന്നി ഫാമിലേക്ക് മാർച്ച് നടത്തി. മാർച്ച് പന്നിഫാമിന് സമീപത്ത് വച്ച് പോലീസ് തടഞ്ഞു. ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് അംഗം ഹമീദ് കണിയാട്ടയിൽ മാർച്ച് ഉദ്ഘാടനം ചെയ്തു. പി.വി. രമാവതി അധ്യക്ഷത വഹിച്ചു. പായം പഞ്ചായത്ത് അംഗം സാജിദ് മാടത്തിൽ, കെ. മോഹനൻ, ജനകീയ കർമ്മസമിതി കൺവീനർ വി.കെ. ബാബു, സുരേന്ദ്രൻ എന്നിവർ സംസാരിച്ചു.

പന്നി ഫാമിലേക്ക് കർമ്മസമിതിയുടെ നേതൃത്വത്തിൽ നടത്തിയ മാർച്ച് ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് അംഗം ഹമീദ് കണിയാട്ടയിൽ ഉദ്ഘാടനം ചെയ്യുന്നു

## വിവാഹത്തിനായുള്ള യാത്ര കണ്ണീർ യാത്രയായി

**കാഞ്ഞങ്ങാട്:** ക്രിസ്മസ് അവധിക്കുള്ള വിനോദയാത്രയും കഴിഞ്ഞ് ബന്ധുവിന്റെ വിവാഹ ചടങ്ങിൽ പങ്കെടുക്കാനുള്ള യാത്ര കണ്ണീർ യാത്രയായി. ഇന്നലെ ഉച്ചയോടെ ഐങ്ങോത്ത് ദേശീയപാതയിൽ ഉണ്ടായ വാഹനാപകടത്തിൽ ജപ്പാനിൽ ജോലി ചെയ്യുന്ന നീലേശ്വരം കണിച്ചിറയിലെ കല്ലായി ലത്തീഫ്- ഫാത്തിമത്ത് സുഹ്റബി ദമ്പതികളുടെ മകളായ ലെഹഖ് സൈനബ (12), സെയിൻ റുമാൻ (9) എന്നിവരാണ് മരണപ്പെട്ടത്. അടുത്തകുടുംബാംഗമായ 27 പേർ ക്രിസ്മസ് വെക്കേഷന് ഊട്ടി, കൊടൈക്കനാൽ തുടങ്ങിയ സ്ഥലങ്ങളിൽ വിനോദയാത്രയ്ക്ക് പോയിരുന്നു. 26 നാണ് തിരിച്ചെത്തിയത്. ഇതിന് ശേഷം സ്വന്തവീടായ മേൽപ്പറമ്പിലായിരുന്നു സുഹ്റബിയും കുടുംബം. ഇന്നലെ വിവാഹവേദിയിൽ ഇവരെ കാത്തുകാത്തു നിന്നവരിലേക്ക് അപകടവാർത്ത എത്തിയത് പലർക്കും വിശ്വസിക്കാനായില്ല.

ക്രിസ്മസിന് സ്കൂൾ അടക്കുന്നതിന് മുമ്പ് സെയിൻ റുമാൻ തന്റെ പ്രിയപ്പെട്ട അധ്യാപകർക്ക് ക്രിസ്മസ് സമ്മാനങ്ങൾ നൽകിയാണ് സ്കൂൾ നിന്നും പടിയിറങ്ങിയത്. മൃതദേഹങ്ങൾ ഹോസ്ദുർഗ് പോലീസ് ഇൻക്വസ്റ്റ് നടത്തി. പോസ്റ്റ്മോർട്ടന് ശേഷം ഇന്ന് ഉച്ചയോടെ നാട്ടിൽ എത്തിച്ച് പൊതുദർശനത്തിന് വെയ്ക്കും .ലഹക്ക് സൈനബ പഠിക്കുന്ന രാജാസ് ഹൈസ്ക്കൂളിനും സൈനുൽ റുമാൻ പഠിക്കുന്ന നീലേശ്വരം ജിഎൽപി സ്കൂളിനും ഇന്ന് അവധി നൽകിയിട്ടുണ്ട്.

## വാർഷിക യോഗം

**മട്ടന്നൂർ:** ശിവപുരം ഹയർ സെക്കന്ററി സ്കൂൾ എസ്എസ്എൽസി പൂർവ്വ വിദ്യാർത്ഥി സംഘടനയായ സമാഗമത്തിന്റെ വാർഷിക യോഗവും പുതുവത്സരാഘോഷവും സംഘടിപ്പിച്ചു. മാലൂർ പഞ്ചായത്ത് മുൻ പ്രസിഡണ്ട് പി.അശോകൻ അധ്യക്ഷത വഹിച്ചു. ബാബുരാജ് അയ്യല്ലൂർ, എം.വി. പ്രകാശൻ, എൻ.വി. സുധീർ, പി. അലി, പി.എം. രാജീവൻ എന്നിവർ സംസാരിച്ചു.

## കണ്ണൂർ സർവ്വകലാശാല വാർത്തകൾ

### മേഴ്സി ചാൻസ് പരീക്ഷ

2009 മുതൽ 2013 വരെയുള്ള വർഷങ്ങളിൽ അഫിലിയേറ്റഡ് കോളേജുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്കുള്ള ഒന്നാം സെമസ്റ്റർ ബിരുദം മേഴ്സി ചാൻസ് (നവംബർ 2024) പരീക്ഷകൾക്ക് ജനുവരി 9മുതൽ 22 വരെ പിഴയില്ലാതെയും 27 വരെ പിഴയോടു കൂടിയും അപേക്ഷിക്കാം. മേഴ്സി ചാൻസ് പരീക്ഷകൾക്ക് അപേക്ഷിക്കുന്ന വിദ്യാർഥികൾ അപേക്ഷയോടൊപ്പം റീരജിസ്ട്രേഷൻ നടത്തുന്നതിനുള്ള നിശ്ചിത മാതൃകയിലുള്ള അപേക്ഷ, ഫീസ് അടച്ച രസീത് സഹിതം സമർപ്പിക്കണം.

### ഹാൾ ടിക്കറ്റ്

അഫിലിയേറ്റഡ് കോളേജുകളിലെ ഒന്നാം സെമസ്റ്റർ ബിരുദാനന്തര ബിരുദം (റെഗുലർ/ സപ്ലിമെന്ററി / ഇംപ്രൂവ്മെന്റ്) ഒക്ടോബർ 2024 പരീക്ഷകളുടെ ഹാൾ ടിക്കറ്റ് സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

### പ്രായോഗിക/ പ്രോജക്ട് പരീക്ഷ

ഒമ്പതാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എം.എസ്.സി. കമ്പ്യൂട്ടർ സയൻസ് വിത്ത് സ്പെഷ്യലൈസേഷൻ ഇൻ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് മെഷീൻ ലേണിങ് ഡിഗ്രി (ലാറ്ററൽ എൻട്രി ഉൾപ്പെടെ ) ഒക്ടോബർ 2024 ന്റെ പ്രായോഗിക/ പ്രോജക്ട് പരീക്ഷകൾ ജനുവരി 3, 4 എന്നീ തീയതികളിലായി കാഞ്ഞങ്ങാട് നെഹ്റു ആർട്സ് & സയൻസ് കോളേജിൽ വച്ച് നടത്തും. ടൈം ടേബിൾ വെബ് സൈറ്റിൽ ലഭ്യമാണ്. രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾ കോളേജുമായി ബന്ധപ്പെടുക.

# വർണവിസ്മയം വിരിയിച്ച് ത്രിവേണി ബാലികാസംഗമം

ശ്രീരാഘവപുരം സഭായോഗം സംഘടിപ്പിച്ച ത്രിവേണി ബാലികാ സംഗമം ഡോ. വീണ രാജ് ഉദ്ഘാടനം ചെയ്യുന്നു

**ചെറുതാഴം:** സ്വധർമ്മം, സ്വഭാവം, സ്വദേശം എന്നീ തത്വങ്ങൾ ഉയർത്തി ശ്രീരാഘവപുരം സഭായോഗം സംഘടിപ്പിച്ച ത്രിവേണി ബാലികാ സംഗമത്തിൽ കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നായി ഇരുനൂറിലധികം ബാലികമാർ പങ്കെടുത്തു. കേരളീയ വേഷത്തിൽ ചെറുതാഴം കണ്ണിശ്ശേരി കാവിലെ സഭായോഗം വാർഷിക സഭാവേദിയിലെത്തിയ ബാലികമാർ ശ്രീരാമ ധ്യാനം, അന്നപൂർണേശ്വരീസ്തവം, നാരായണീയം എന്നീ സ്ത്രോത്രങ്ങൾ ഈണത്തിൽ ചൊല്ലി. ഭാരത സംസ്കാരത്തെ പരിപോഷിപ്പിക്കുക എന്ന ലക്ഷ്യത്തിലേക്ക് വരും തലമുറയെ നയിക്കുക എന്നതാണ് സംഗമത്തിന്റെ ലക്ഷ്യം.

സഭായോഗം ഫാമിലി വെൽഫെയർ ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ നടന്ന പരിപാടിയിൽ വിഷ്ണുമംഗലം ഇടമന ശ്യാമള അന്തർജനത്തിന്റെ അദ്ധ്യക്ഷതയിൽ പൂനൈ ഭീഷ്മ സ്കൂൾ ഓഫ് ഇന്ത്യൻ നോളജ് സിസ്റ്റംസ് വേദാന്ത അധ്യാപിക ഡോ. വീണ രാജ് ഉദ്ഘാടനം ചെയ്തു. കാഞ്ചി കാമകോടി പീഠാധിപതി ജഗദ്ഗുരു ശങ്കരാചാര്യ സ്വാമികൾ ഓൺ ലൈനായി അനുഗ്രഹ പ്രഭാഷണം നടത്തി. ഡോ. ധന്യ ഈശ്വരൻ, ശുഭ പി. വാരണക്കോട് എന്നിവർ സംസാരിച്ചു.

## അഡ്മിഷൻ

**കണ്ണൂർ:** എൽ.ബി.എസ് സെന്റർ കണ്ണൂർ മേഖല കേന്ദ്രത്തിൽ സ്കിൽ അപെക്സ് നടത്തുന്ന ആറുമാസം ദൈർഘ്യമുള്ള ഡിപ്ലോമ ഇൻ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ ആൻഡ് ഹെൽത്ത് കെയർ മാനേജ്മെന്റ് കോഴ്സിലേക്ക് അഡ്മിഷൻ ആരംഭിച്ചു. എസ്എസ്എൽസിയോ അതിന് മുകളിലോ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. ഫോൺ: 8606907093.

കുന്നത്തൂർപാടി മുത്തപ്പൻ ദേവസ്ഥാനത്ത് അനുഭവപ്പെട്ട ജനസഞ്ചയം

# വടേശ്വരം ക്ഷേത്രത്തിൽ ഭാഗവത സപ്താഹത്തിന് തിരിതെളിഞ്ഞു

വടേശ്വരം മഹാശിവ ക്ഷേത്രത്തിൽ ശ്രീമദ് ഭാഗവത സപ്താഹ ജ്ഞാനയജ്ഞം കണ്ണൂർ അമൃതാനന്ദമയി മഠാധിപതി അമൃതകൃപാനന്ദപുരി ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്യുന്നു

**പാപ്പിനിശ്ശേരി:** വടേശ്വരം മഹാശിവ ക്ഷേത്രത്തിൽ ശ്രീമദ് ഭാഗവത സപ്താഹ ജ്ഞാനയജ്ഞം കണ്ണൂർ അമൃതാനന്ദമയി മഠാധിപതി അമൃതകൃപാനന്ദപുരി ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു. ചിന്മയമിഷൻ ആചാര്യൻ തത്വാനന്ദ സരസ്വതി അനുഗ്രഹഭാഷണം നടത്തി. ദീപാരാധനയ്ക്കുശേഷം യജ്ഞാചാര്യൻ തൃശ്ശൂർ ദേശമംഗലം ഓംകാരാശ്രമത്തിലെ സ്വാമി നിഗമാനന്ദ തീർത്ഥപാദർ മാഹാത്മ്യഭാഷണം നടത്തി. നേരത്തെ കീച്ചേരിക്കുന്ന് കേന്ദ്രീകരിച്ച് സന്ന്യാസിവര്യരെ ക്ഷേത്രത്തിലേക്ക് സ്വീകരിച്ചാനയിച്ചു. ഇന്നു മുതൽ ദിവസവും രാവിലെ ഗണപതിഹോമം, വിഷ്ണുസഹസ്രനാമജപം തുടർന്ന് ഭാഗവത പാരായണവും പ്രഭാഷണവും ഉണ്ടാകും. ജനുവരി രണ്ടിന് ശ്രീകൃഷ്ണാവതാര പാരായണവും മൂന്നിന് രുഗ്മിണിസ്വയംവര ഘോഷയാത്രയും. 31ന് വൈകുന്നേരം 6.30ന് വിദ്യാഗോപാലമന്ത്രാർച്ചന, ജനുവരി 1ന് മാതൃപൂജ, 4ന് സർവൈശ്വര്യപൂജ എന്നിവയുമുണ്ടാകും. 5ന് ഉച്ചയോടെ നടക്കുന്ന അവഭൃഥസ്നാനത്തോടെ സപ്താഹ യജ്ഞം സമാപിക്കും.

## കുന്നത്തൂർപാടി മുത്തപ്പൻ ദേവസ്ഥാനത്ത് ജനസഞ്ചയം

**കുന്നത്തൂർപാടി:** കുന്നത്തൂർപാടി മുത്തപ്പൻ ദേവസ്ഥാനത്ത് ജനസഞ്ചയം. കഴിഞ്ഞ അഞ്ച് ദിവസമായി ആയിരങ്ങളാണ് കുന്നത്തൂർമലയിലെത്തിയത്. പോലീസും വനംവകുപ്പും ക്യാമ്പ് ചെയ്ത് തിരക്ക് നിയന്ത്രിക്കുകയാണ്. ചമതച്ചാൽ മുതൽ ഗതാഗത കുരുക്ക് അനുഭവപ്പെടുന്നുണ്ട്.

പ്രദേശം സിസിടിവികളുടെ നിരീക്ഷണത്തിലാണ്. പയ്യാവൂർ-കാഞ്ഞിരക്കൊല്ലി റോഡ് താൽക്കാലിക അറ്റകുറ്റപണി നടത്തിയെങ്കിലും വീതികുറവ് മറ്റുജില്ലകളിൽ നിന്ന് എത്തുന്നവരെ ബുദ്ധിമുട്ടിക്കുന്നുണ്ട്. മറ്റ് എല്ലാ റോഡും മാറിയിട്ട് ഈ റോഡിന്റെ ശോച്യാവസ്ഥയിൽ മുത്തപ്പഭക്തരും കടുത്ത പ്രതിഷേധത്തിലാണ്. കാട്ടിൽ രാത്രി മാത്രം നടക്കുന്ന ഉത്സവം കാണാൻ കേരളത്തിനകത്തും പുറത്തു നിന്നടക്കം വൻ ഭക്ത ജനതിരക്കാണ് അനുഭവപ്പെടുന്നത്. ശനിയും ഞായറും കുടകരും തെലുങ്കരും എത്തി. ജാതി, മത വ്യത്യാസമില്ലാതെ എല്ലാവർക്കും കയറാനും ദർശനം നടത്താനും സൗകര്യമുള്ള സ്ഥലമാണ് കുന്നത്തൂർ പാടി. എല്ലാദിവസവും വൈകിട്ട് പാടിയിൽ വെള്ളാട്ടം, രാത്രി 11ന് തിരുവപ്പന, പുലർച്ചെ വെള്ളാട്ടം, ഒന്നിടവിട്ട ദിവസങ്ങളിൽ മൂലം പെറ്റ ഭഗവതി എന്നിവ ഉണ്ടായിരിക്കും. പാടിയിൽ എത്തുന്ന എല്ലാവർക്കും താഴെ പൊടിക്കളത്ത് ഉച്ചയ്ക്കും രാത്രിയിലും അന്നദാനം ഏർപ്പെടുത്തിയിട്ടുണ്ട്.

## വർഷിക ജനറൽ ബോഡി യോഗം

**ചക്കരക്കൽ:** പനയത്താംപറമ്പ ഗൾഫ് റിട്ടേണീസ് സോഷ്യൽ വെൽഫെയർ കോ ഓപ്പറേറ്റീവ്സ് സൊസൈറ്റിയുടെ 2023-24 വർഷത്തെ വർഷിക ജനറൽ ബോഡി യോഗം ഗോകുലം ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. സൊസൈറ്റി പ്രസിഡന്റ് വിപിൻ പങ്കജ് അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി കെ. അമൽ റിപ്പോർട്ടും വരവ് ചെലവ് കണക്കുകളും അവതരിപ്പിച്ചു. കെ. ഹരിദാസൻ, പി.ടെ മാഹനൻ, ജിഷില എന്നിവർ സംസാരിച്ചു.

**ജെഎം ഫിനാൻഷ്യൽ അസെറ്റ് റികൺസ്ട്രക്ഷൻ കമ്പനി ലിമിറ്റഡ്**

JM FINANCIAL

കോർപ്പറേറ്റ് ഐഡന്റിഫിക്കേഷൻ നമ്പർ U67190MH2007PLC74287

രജിസ്റ്റേർഡ് ഓഫിസ്: ഏഴാം നില സിനർജി, അപ്പാസാഹിബ് മറാത്തെ മാർഗ്, പ്രഭാദേവി, മുംബൈ 400025, വെബ്സൈറ്റ്: www.jmfinancialarc.com

ബന്ധപ്പെടേണ്ട നമ്പർ: 1. രാംസുന്ദർ ഗണേശൻ – 9846350350, 2. വിശാൽ കേട്ടലെ – 9584966653, 3. സിന്ധുജാ പിള്ള – 022–6224 1676

**ഇ–ലേല വിൽപന അറിയിപ്പ് – ഫ്രഷ് സെയിൽ**

സെക്യൂരിറ്റൈസേഷന്റെയും പുനർനിർമ്മാണത്തിന്റെയും സെക്ഷൻ 5 (1) (ബി) പ്രകാരം എല്ലാ അവകാശങ്ങളും തലക്കെട്ടും പലിശയും സഹിതം സുഷ്ചിച്ച അടിസ്ഥാന സുരക്ഷാ താൽപര്യങ്ങളോടൊപം പിരാമൽ ക്യാപിറ്റൽ ആൻഡ് ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ് ഒരു ലോൺ (ചുവടെ സൂചിപ്പിച്ച വായ്പകൾ ഉൾപ്പെടെ) നൽകിയിട്ടുണ്ട്. ഫിനാൻഷ്യൽ അസറ്റുകളുടെയും എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്റസ്റ്റ് ആക്റ്റ്, 2002 ("SARFAESI ACT") 2023 മാർച്ച് 29 ലെ ഒരു അസൈൻമെന്റ് കരാർ പ്രകാരം ('അസൈൻമെന്റ് കരാർ') JMFARC (JM) ന് അനുകൂലമായി (ഇവിടെ അസൈൻ ചെയ്തിരിക്കുന്നു) JMFARC-Aranya - Trust ന്റെ ട്രസ്റ്റിയായി. അസൈൻമെന്റ്/സർവീസ് ഉടമ്പടി പ്രകാരം എല്ലാ പ്രവർത്തന, നടപടിക്രമങ്ങളും സുഗമമാക്കുന്നതിന് സേവന ദാതാവായി/ശേഖരണ ഏജന്റായി പ്രവർത്തിക്കാൻ PCHFL-ന് അധികാരമുണ്ടെന്നും നിയമനം ലഭിച്ചിട്ടുണ്ടെന്നും അറിയിക്കുകയാണ്.

SARFAESI ആക്റ്, 2002 പ്രകാരം സെക്യൂരൈഡ് ക്രെഡിറ്ററിന്റെ അംഗീകൃത ഓഫീസർ ചുവടെ പരാമർശിച്ചിരിക്കുന്ന സുരക്ഷിത അസറ്റ് കൈവശപ്പെടുത്തുന്നതിന് അനുസൃതമായി വായ്പക്കാരിൽ നിന്നും കുടിശ്ശിക തുക വീണ്ടെടുക്കുന്നതിന് ഇവിടെ വിവരിച്ചിരിക്കുന്ന സ്ഥാവര വസ്തുക്കൾ വാങ്ങുന്നതിനായി താഴെ ഒപ്പിട്ടിരിക്കുന്ന ഓഫീസർ ഓഫറുകൾ ക്ഷണിക്കുന്നു. ഭൗതിക കൈവശമുള്ള വസ്തുക്കൾ, ഇപ്പോൾ എവിടെയാണോ എങ്ങിനെയാണോ ഏതൊക്കെയൊണോ എന്നതിന്റെ അടിസ്ഥാനത്തിൽ അവയുടെ വിവരങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

| ലോൺ കോഡ്/ബ്രാഞ്ച്/ വായ്പക്കാർ/സഹവായ്പക്കാർ/ജാമ്യക്കാർ | ഡിമാൻഡ് നോട്ടീസ് തീയതിയും തുകയും | വസ്തുവിന്റെ വിലാസം – ഫൈനൽ | കരുതൽ വില | നിരതദ്രവ്യ നിക്ഷേപം (ഇ എം ഡി) (ആർ പി യുടെ 10 ശതമാനം) | കുടിശ്ശിക തുക (21.08.2024) |
|---|---|---|---|---|---|
| ലോൺ കോഡ് നം. 05600001969, കണ്ണൂർ (ശാഖ), സോണിയ അയത്താൻ തിരുവോത്ത് (വായ്പക്കാരൻ )സരള തിരുവോത്ത് വടവതി (സഹവായ്പക്കാരൻ 1)വിനീത് എൻ കെ